# LATIN ARCHDIOCESE OF TRIVANDRUM

No. 001/2025/PL                                                    Dated: 01.03.2025

## ഇടയലേഖനം

## തപസ്സുകാലം - 2025

# വരുവിൻ നമുക്ക് അനുരഞ്ജിതരാകാം

ക്രിസ്തുവിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീ സഹോദരന്മാരെ,

സഭയിലെ ആരാധനാക്രമത്തിൽ ഏറ്റവും അനുഗ്രഹപ്രദവും ആശ്വാസദായകവുമായ ഒരു കാലഘട്ടമാണ് നോമ്പുകാലം. വിഭൂതി ബുധനാഴ്ച നെറ്റിയിൽ ചാരം പൂശികൊണ്ട് അനുതാപത്തോടെയും ഹൃദയ നിർമ്മലതയോടെയും നാം നോമ്പിന് തുടക്കം കുറിച്ചു കഴിഞ്ഞു. സവിശേഷമായ ഈ ആരാധനാകാലഘട്ടം വലിയ ശനിവരെ നീണ്ടു നിൽക്കുന്നു. ജൂബിലി 2025 ന്റെ പശ്ചാത്തലത്തിൽ ഈ നോമ്പുകാലം ആചരിക്കപ്പെടുമ്പോൾ മനസ്സിലൂടെ കടന്നു പോകുന്ന ചിന്ത നിങ്ങളുമായി പങ്കുവയ്ക്കട്ടെ. നോമ്പാചരണത്തിന്റെ സിരാകേന്ദ്രം അനുരഞ്ജനമാണ്. കാൽവരിയിലേയ്ക്കുള്ള യേശുവിന്റെ കുരിശ് യാത്ര നാം അനുസ്മരിക്കുമ്പോൾ നമ്മുടെ പാപങ്ങളെ

ക്കുറിച്ചുള്ള അനുതാപവും ഏറ്റുപറച്ചിലും പ്രായശ്ചിത്തവുമാണ് എന്റെ ഉള്ളിലൂടെ കടന്നുപോകുന്ന ചിന്ത.

**ബന്ധങ്ങളിലൂടെ വളരുന്ന മാനവികത**

ആത്യന്തികമായി മനുഷ്യജീവിതം വിലയിരുത്തപ്പെടുമ്പോൾ എല്ലാ തലങ്ങളിലുമുള്ള ഒരു വ്യക്തിയുടെ ബന്ധങ്ങളിലെ അവസ്ഥയും വളർച്ചയും പരിഗണിക്കപ്പെടേണ്ടതാണ്. കാരണം മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നതു തന്നെ ബന്ധങ്ങളെ കാത്തു സൂക്ഷിക്കുവാനും അതിൽ വളരാനുമാണ്. ഒരു മനുഷ്യന്റെ പ്രഥമ ബന്ധം തന്റെ സൃഷ്ടാവായ ദൈവവുമായിട്ടുള്ളതാണ്. ദൈവവുമായുള്ള ബന്ധം അവിരാമം തുടരുന്നതിലൂടെയാണ് മനുഷ്യവ്യക്തിത്വം പൂർണ്ണതയിലേയ്ക്ക് എത്തുന്നത്. ദൈവവുമായുള്ള ബന്ധത്തിൽ വളരുന്ന മനുഷ്യനാണ് കൂടുതൽ ഫലം നൽകുന്നത് (യോഹ. 15:4). ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നതോടൊപ്പം സമൂഹജീവിയായ മനുഷ്യൻ തന്റെ സഹോദരരുമായുള്ള ബന്ധത്തിലും വളരേണ്ടതാണ്. ഒരർത്ഥത്തിൽ സഹോദരന്റെ കാവൽക്കാരനാകാൻ മനുഷ്യൻ വിളിക്കപ്പെടുന്നു (ഉൽപ്പ 4: 9).

മേൽ സൂചിപ്പിച്ച രണ്ട് ബന്ധങ്ങളെ കൂടാതെ മനുഷ്യന് താൻ അതിവസിക്കുന്ന സൃഷ്ടപ്രപഞ്ചത്തോടുള്ള ബന്ധവുമുണ്ട്. പ്രകൃതി സുന്ദരമാണ്. ദൈവത്തിന്റെ സൃഷ്ടിയിൽ അഴകാർന്നതത്രയും ദൈവം ഈ പ്രപഞ്ചത്തിൽ സമൃദ്ധമായി മനുഷ്യന് നൽകിയിരിക്കുന്നു. ദൈവം തന്നെ സൃഷ്ടികർമ്മത്തിനിടയിൽ 'എല്ലാം നന്നായിരിക്കുന്നു' എന്ന് പ്രഖ്യാപിച്ചിട്ടുണ്ട് (ഉൽപ്പ 1: 25). ആകയാൽ, പ്രകൃതിയോടുള്ള ബന്ധവും കടപ്പാടും മനുഷ്യൻ കാത്തു സൂക്ഷിക്കേണ്ടതാണ്. കൂടാതെ മനുഷ്യൻ തന്നോടുതന്നെ ബന്ധപ്പെട്ടിരിക്കുന്നു. ഏറെ പരിഗണന ആവശ്യ

മുള്ള ഒരു ഘടകമാണിത്. മനുഷ്യന്റെ ആന്തരികത വെളിപ്പെടുത്തുന്ന ഒരു ചിന്തയാണിത്. 'നാം ആരും നമ്മെ വെറുക്കുന്നില്ലല്ലോ' (എഫേ. 5: 29). ആകയാൽ നമുക്ക് നമ്മോടുള്ള ബന്ധവും ആഴത്തിൽ വളർത്തേണ്ടതാണ്.

**പാപം ബന്ധങ്ങളെ ശിഥിലമാക്കുന്നു**

പക്ഷേ, പാപം ചെയ്യുന്നതോടെ നാല് തലങ്ങളിലും കാത്ത് സൂക്ഷിക്കപ്പെടേണ്ട പവിത്രമായ ബന്ധങ്ങളെ മനുഷ്യൻ നഷ്ടപ്പെടുത്തുന്നു. പാപം കടന്നുവരുമ്പോൾ മനുഷ്യൻ ആദ്യം വിച്ഛേദിക്കുന്നത് ദൈവവുമായിട്ടുള്ള ബന്ധമാണ്. ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെടുന്നതോടെ മറ്റ് ബന്ധങ്ങൾക്കും കോട്ടം സംഭവിക്കുന്നു: സഹോദരങ്ങളിൽ നിന്ന് അകലുന്നു, പ്രകൃതിയിൽ നിന്നകലുന്നു, തന്നിൽ നിന്നു തന്നെ അകലുന്നു.

ബന്ധങ്ങളെ കൂട്ടിയിണക്കുന്ന മുഖ്യകണ്ണിയായ ദൈവത്തിൽ നിന്ന് അകലുന്നതോടുകൂടെ, മനുഷ്യന്റെ ഉള്ളിലേയ്ക്ക് കടന്നു വരുന്നത് തിന്മയുടെ ചിന്തകളാണ്. ഇവിടെയാണ് സഹോദരരെ വെറുക്കുന്നതും സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും ഓടിയകലുന്നതും കുറ്റബോധം കൊണ്ട് ഒരുവൻ തന്നെത്തന്നെ തകർക്കുന്നതും. തകർക്കപ്പെട്ട ബന്ധങ്ങളെ വിളക്കിച്ചേർക്കുവാൻ മനുഷ്യനുമുന്നിൽ ഒരേ ഒരു പ്രതിവിധിയേയുള്ളൂ: തെറ്റുകളെയോർത്ത് അനുതപിച്ച് മനസ്സു തിരിഞ്ഞ് ബന്ധങ്ങളിലേയ്ക്ക് മടങ്ങുക. ബന്ധങ്ങളിലേയ്ക്ക് മടങ്ങുവാൻ നമ്മെ പ്രാപ്തരാക്കുന്നതിന് യേശു ചൂണ്ടികാട്ടിയ ഏക മാർഗ്ഗം അനുതാപമാണ് (മർക്കോ 1:15). സഭയിൽ അനുതാപം സാധ്യമാക്കിത്തീർക്കുന്നത് അനുരഞ്ജനം അഥവാ കുമ്പസാരം എന്ന കൂദാശയിലൂടെയാണ്.

**അനുരഞ്ജനം വിശുദ്ധ ഗ്രന്ഥത്തിൽ**

വിശുദ്ധ ഗ്രന്ഥത്തിലുടനീളം നാം കണ്ടെത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ആശയം അനുരഞ്ജനമാണ്. കാലാകാലങ്ങളായി മനുഷ്യൻ ചെയ്യുന്ന പാപങ്ങൾ ദൈവത്തിന്റെ കരുണയിൽ പൊറുക്കപ്പെടുന്നതും ദൈവസ്നേഹം മനുഷ്യകുലത്തിനുമേൽ പ്രവഹിക്കുന്നതുമാണ് നാം വിശുദ്ധ ബൈബിളിൽ കാണുന്നത്. ഇതിന് ഉദാഹരണമാണ് പാപം ചെയ്ത് ദൈവസ്നേഹത്തിൽ നിന്ന് അകന്ന ആദത്തെയും ഹൗവയേയും തേടിപോകുന്ന ദൈവത്തെ വിശുദ്ധ ബൈബിളിന്റെ ആരംഭത്തിൽ നാം കാണുന്നത് (ഉൽപ. 3: 8–19). കൂടാതെ, തെറ്റു ചെയ്ത മനുഷ്യകുലത്തെ ജലപ്രളയത്തിലൂടെ നശിപ്പിക്കുമ്പോഴും, ഇനി ഒരിക്കലും ജലപ്രളയത്തിലൂടെ മാനവരാശിയെ നശിപ്പിക്കില്ലെന്ന് നോഹയോട് ഉടമ്പടി ചെയ്തുകൊണ്ട്, മാനവകുലത്തെ വീണ്ടെടുക്കാൻ ശ്രമിക്കുന്ന ദൈവത്തെ നാം കാണുന്നു (ഉൽപ. 6:18; 9: 8–17).

പാപം ചെയ്ത മനുഷ്യനെ തന്നിലേയ്ക്ക് മടക്കികൊണ്ടുവരുവാൻ പ്രവാചകന്മാരിലൂടെ സംസാരിക്കുന്ന ദൈവത്തെ നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നു. ഉദാഹരണമായി, ഹോസിയാ പ്രവാചകനിലൂടെ ദൈവം ഇപ്രകാരം അരുൾചെയ്യുന്നു: “ഇസ്രായേൽ, നിന്റെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരിക. നിന്റെ അകൃത്യങ്ങൾ മൂലമാണ് നിനക്ക് കാലിടറിയത്. കുറ്റം ഏറ്റ് പറഞ്ഞ് കർത്താവിന്റെ അടുക്കലേയ്ക്ക് തിരിച്ചുവരിക” (ഹോസി. 14:1–2). കൂടാതെ, അനുരഞ്ജന പ്രക്രിയയിൽ ശ്രദ്ധിക്കപ്പെടേണ്ട പാപപൊറുതിക്കുവേണ്ടിയുള്ള പ്രായശ്ചിത്തം അഥവാ പരിഹാരം ഏശയ്യാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നു: ‘വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കുക, ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുക, സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞ് മാറാതിരിക്കുക.’ ഇവയൊക്കെയാണ് ദൈവം ആഗ്രഹിക്കുന്ന ഉപവാസം (ഏശയ്യാ. 58:7).

യേശുവിന്റെ പ്രബോധനങ്ങളിലും അനുരഞ്ജനത്തിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. ബലി അർപ്പണം അർത്ഥ പൂർണ്ണമാകുന്നതും ദൈവത്തിന് സ്വീകാര്യമാകുന്നതും സഹോ ദരരുമായുള്ള രമ്യതയ്ക്ക് ശേഷം മാത്രമാണെന്ന് യേശു പഠിപ്പിക്കുന്നു: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലി പീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യത പ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ. 5: 23-24). യേശു പഠിപ്പിച്ച പ്രാർത്ഥനയിലും അനുരഞ്ജനത്തിന്റെ ആവശ്യ കത ഉയർത്തികാട്ടുന്നുണ്ട്. നമ്മുടെ പാപങ്ങൾ ദൈവം പൊറുക്കു ന്നത് മറ്റുള്ളവർ നമ്മോട് ചെയ്ത പാപങ്ങൾ നാം പൊറുക്കുന്നതി ലൂടെയാണ് (മത്താ. 6: 12).

അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ അനുരഞ്ജന ത്തിലൂടെ കടന്നുപോകുന്ന മനുഷ്യൻ വീണ്ടും പാപത്തിൽ വീഴരുതെന്ന ഓർമ്മപ്പെടുത്തലുകൾ ഉണ്ട്. ഉദാഹരണമായി പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നതുപോലെ, 'സാത്താന് ഇടം കൊടുക്കരുത്, മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്, അധരങ്ങളിൽ നിന്ന് തിന്മയുടെ വാക്കുകൾ പറുപ്പെടരുത്, കേൾവിക്കാർക്ക് ആത്മ ചൈതന്യം പകരുന്ന നല്ല വാക്കുകൾ സംസാരിക്കുക' (എഫേ. 4: 27-29).

മേൽപറഞ്ഞ അനുരഞ്ജനത്തെ സംബന്ധിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിലെ പ്രബോധനങ്ങളിൽ അനുരഞ്ജന പ്രക്രിയയുടെ കാതലായ അഞ്ച് ഘടകങ്ങളും അടങ്ങിയിട്ടുണ്ട്: ഒന്ന്, പാപമാണ് മനുഷ്യന്റെ പതനത്തിന് അഥവാ വീഴ്ചയ്ക്ക് കാരണമായി ഭവിക്കുന്നത്. രണ്ട്, പാപബോധത്തിലൂടെയും അനുതാപത്തിലൂടെയും ചെയ്തുപോയ തെറ്റുകൾ ഏറ്റുപറയുക. മൂന്ന്, പാപങ്ങൾ ഏറ്റുപറയുന്നതിലൂടെ മനുഷ്യൻ ദൈവത്തി

ലേയ്ക്ക് മടങ്ങുക. നാല്, പാപപൊറുതിക്കു വേണ്ടിയുള്ള പ്രായശ്ചിത്തം അഥവാ പരിഹാരം ചെയ്യുക. അഞ്ച്, വീണ്ടു പാപം ചെയ്യാതിരിക്കുക. അപ്രകാരം വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ നമ്മുടെ തന്നെ അനുദിന ജീവിതത്തിൽ അനുരഞ്ജനം പൂർണ്ണമായ അർത്ഥത്തിൽ സാധ്യമാക്കുവാൻ നാം ശ്രമിക്കേണ്ടതാണ്.

**ജൂബിലി ആഘോഷവും അനുരഞ്ജനവും**

ജൂബിലി 2025 നമുക്ക് നൽകുന്ന ഏറ്റവും വലിയ സന്ദേശം അനുരഞ്ജനത്തിന്റെ ആവശ്യകതയാണ്. ജൂബിലി വർഷം മാനസാന്തരത്തിന് "സ്വീകാര്യമായ സമയം" (2 കൊറി. 6:2) കൂടിയാണ്. ദൈവകേന്ദ്രീകൃതമായ ജീവിതം നയിക്കുവാനുള്ള ആഹ്വാനം ജൂബിലി ഉൾക്കൊള്ളുന്നു. ജൂബിലി വർഷത്തിൽ അനുരഞ്ജനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ഫ്രാൻസിസ് പാപ്പാ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ലേഖനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു.

"നാം പ്രത്യാശയുടെ തീർത്ഥാടകരാണ്." ആത്മവിശുദ്ധീകരണത്തിന്റെ പാതയിലൂടെയാണ് ഈ തീർത്ഥാടനം മുന്നോട്ടു പോകേണ്ടത്. യേശുവിന്റെ കുരിശ് മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ദൈവം മനുഷ്യകുലത്തെ നീതികരിച്ചു കഴിഞ്ഞു (റോമ. 4: 24-25). പക്ഷേ, അനുദിന ജീവിത സാഹചര്യങ്ങൾ ബലഹീനനായ മനുഷ്യനെ പാപത്തിലേയ്ക്ക് ക്ഷണിക്കുന്നു. പാപത്താൽ അശുദ്ധനായ മനുഷ്യനെ അനുദിനം ശുദ്ധീകരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു (റോമ. 8:1-4). അതിന് സഹായകരമാകുന്ന കൂദാശയാണ് അനുരഞ്ജന കൂദാശ അഥവാ കുമ്പസാരം. അനുരഞ്ജന കൂദാശ ദൈവത്തിന്റെ അനന്തമായ കരുണയുടെ മുഖം പ്രദാനം ചെയ്യുന്നു. ജൂബിലി 2025 അനുരഞ്ജനത്തിന്റെയും ദൈവിക കരുണയുടെയും

അനുഗ്രഹമാണ് ഓർമപ്പെടുത്തുന്നത്. ആകയാൽ പ്രത്യാശയുടെ പ്രയാണത്തിൽ കുമ്പസാരം ആത്മവിശുദ്ധീകരണത്തിന്റെ ആഹാരമാകുന്നു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1 ഇടവകകളിൽ വിശ്വാസികൾക്ക് കുമ്പസാരിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക.

2 എല്ലാ വിശ്വാസികളും നിശ്ചിത ഇടവേളകളിൽ കുമ്പസാരിക്കുക; പ്രത്യേകിച്ച് ഈ നോമ്പുകാലത്ത്.

3 കുമ്പസാരത്തിന്റെ പ്രാധാന്യം മതബോധനത്തിലൂടെയും ദിവ്യബലി മധ്യേയും വൈദീകർ വിശ്വാസികളെ ബോധ്യപ്പെടുത്തുക.

4 കുട്ടികളെയും യുവജനങ്ങളെയും മുതിർന്നവരെയും കുമ്പസാരത്തിനായി ഒരുക്കുക.

5 പൊതുവായ അനുതാപ ശുശ്രൂഷ സന്ദർഭോചിതമായി ഇടവകകളിൽ നടത്തുക.

6 ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് അടിസ്ഥാനത്തിൽ അനുരഞ്ജന കൂദാശ നൽകുക.

**ഉപസംഹാരം**

ക്രിസ്തുനാഥൻ സ്ഥാപിച്ച അനുരഞ്ജന കൂദാശയുടെ പരികർമ്മം ഇന്ന് സഭയിൽ ക്രിസ്തുവിന്റെയും ദൈവജനത്തിന്റെയും പ്രതിനിധികളായ പുരോഹിതരിലൂടെ തുടരുന്നു. അനുരഞ്ജനം നമ്മുടെ വ്യക്തിപരമായ കഴിവിന്റെയോ പരിശ്രമത്തിന്റെയോ ഫലമെന്നതിനെക്കാൾ, ദൈവവചനത്തിന്റെ ശക്തിയാലും പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താലും വ്യക്തികളിൽ സംഭവിക്കുന്ന ഒന്നാണ്. നാം ഈ ദൈവകൃപയോട്

തുറവുള്ളവരും അതിനോട് സഹകരിക്കുന്നവരുമാവുകയാണ് ഏറെ പ്രധാനം.

പാപഭാരത്തോടെ നടന്നു നീങ്ങുന്ന നമുക്ക് സാന്ത്വനവും സമാശ്വാസവും പകരുന്ന കുമ്പസാരം ദൈവവും സഹോദരങ്ങളും പ്രകൃതിയും നമ്മോടുതന്നെയുമുള്ള ബന്ധങ്ങളിലേയ്ക്കും നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. കുമ്പസാരകൂട്ടിൽ, മനസ്സലിവോടെ നമ്മെ കാത്തിരിക്കുന്ന, നമ്മുടെ പാപങ്ങൾ നിരുപാധികം പൊറുക്കുന്ന, നമ്മെ സ്നേഹിക്കുന്ന, ആശ്ലേഷിക്കുന്ന കരുണാമയനായ പിതാവായ ദൈവത്തെ നമുക്ക് അനുഭവിക്കാം. 'ദൈവമേ, പാപിയായ എന്നിൽ കനിയണമേ' (ലൂക്കാ. 18: 13-14) എന്ന് ചുങ്കക്കാരനെ പോലെ അനുതാപത്തോടെ നാം ഏറ്റുപറഞ്ഞാൽ മതി "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മത്താ. 9:5) എന്ന ആശ്വാസദായകമായ ദിവ്യസ്വരം നാം ശ്രവിക്കും. വരുവിൻ, നമുക്ക് അനുരഞ്ജിതരാകാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

**† തോമസ് ജെ. നെറ്റോ**
തിരുവനന്തപുരം മെത്രാപ്പോലീത്ത

***N.B: ഈ ഇടയലേഖനം 2025 മാർച്ച് മാസം 09-ാം തീയതി ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.***

*Jeeva Jyothi Offset Press, Tvm. Ph:0471-2311620*